# ആഢ്യോ രോഗീ...

ഡോ. എം. പ്രസാദ്

മേമ്പൊടി





*എന്താണ് ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ദാരിദ്ര്യം എന്നുപറഞ്ഞാൽ താൽപര്യം? സാധാരണ അർത്ഥത്തിനപ്പുറത്ത് എത്രയായാലും പോരാ എന്ന അവസ്ഥയും ദാരിദ്ര്യമല്ലേ? കണ്ടതുപോരാ, കേട്ടതുപോരാ, തിന്നതുപോരാ, അനുഭവിച്ചതുപോരാ എന്നതും ഒരർത്ഥത്തിൽ ദാരിദ്ര്യമാണല്ലോ. ഈ ദാരിദ്ര്യത്തിൽനിന്ന് പതുക്കെ അകലുന്നവനെന്നതാണ് ധനികനിലേയ്ക്കുള്ള യാത്ര. ദാരിദ്ര്യം വിട്ടവൻ ധനികൻ. പോരാ പോരാ എന്ന മട്ടിലുള്ള ഇന്ദ്രിയങ്ങളുടെ ആസക്തിയാണ് ഇവിടെ ദാരിദ്ര്യം.*

‘രോഗി ധനികനാകണം’. ബൗദ്ധനായ വാഗ്ഭടാചാര്യൻ ഇങ്ങനെ അഭിപ്രായപ്പെട്ടിട്ടുണ്ടല്ലോ. അഭിപ്രായം മാത്രമല്ല, രോഗിയുടെ ഗുണങ്ങളിൽ ആദ്യത്തേതായി പറയുന്നതുതന്നെ ധനികത്വമാണ്. എല്ലാക്കാലത്തും ഈ പ്രസ്താവനയിലെ ശരിതെറ്റുകൾ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടാകാം. വീണ്ടും യാദൃച്ഛികമായി ഈ വിഷയം ചർച്ചയ്ക്കുവന്നിരിക്കുന്നു. എന്റെ സഹപ്രവർത്തകനും ഉത്തമസുഹൃത്തുമായ അഷ്ടവൈദ്യൻ നാരായണൻ നമ്പി ഈ വിഷയത്തിൽ നടത്തിയ ഒരു നിരീക്ഷണമാണ് പശ്ചാത്തലം. അദ്ദേഹം ഈ വിഷയത്തെ ഇങ്ങനെ കാണുന്നു. ‘ആഢ്യ’ശബ്ദത്തിന് ധനികൻ എന്ന അർത്ഥമാണ് പ്രാഥമികമായി യോജിക്കുക എന്നതുനേരുതന്നെ. എന്നാൽ കുറേക്കൂടി ആഴത്തിൽ ചിന്തിച്ച് അതിന് മറ്റൊരു അർത്ഥകൽപനയാകുന്നത് കുറേക്കൂടി മനോഹരമാകുമെന്നുതോന്നുന്നു. ധനികൻ എന്ന അർത്ഥം എടുക്കുക. അതിന്റെ വിപരീതം ദരിദ്രൻ എന്നാണ്. എന്താണ് ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ദാരിദ്ര്യം എന്നുപറഞ്ഞാൽ താൽപര്യം? സാധാരണ അർത്ഥത്തിനപ്പുറത്ത് എത്രയായാലും പോരാ എന്ന അവസ്ഥയും ദാരിദ്ര്യമല്ലേ? കണ്ടതുപോരാ, കേട്ടതുപോരാ, തിന്നതുപോരാ, അനുഭവിച്ചതുപോരാ എന്നതും ഒരർത്ഥത്തിൽ ദാരിദ്ര്യമാണല്ലോ. ഈ ദാരിദ്ര്യത്തിൽനിന്ന് പതുക്കെ അകലുന്നവനെന്നതാണ് ധനികനിലേയ്ക്കുള്ള യാത്ര. ദാരിദ്ര്യം വിട്ടവൻ ധനികൻ. പോരാ പോരാ എന്ന മട്ടിലുള്ള ഇന്ദ്രിയങ്ങളുടെ ആസക്തിയാണ് ഇവിടെ ദാരിദ്ര്യം. അതിനാൽ ‘ആഢ്യോ രോഗീ’ എന്നിടത്ത് സങ്കൽപ്പിക്കപ്പെടുന്ന ധനികത്വം സാമ്പത്തികമായി ചികിത്സ താങ്ങാനുള്ള കഴിവ് ഉള്ളവൻ എന്നതിലുപരി തന്റെ മോഹങ്ങളെ നിയന്ത്രിച്ചവൻ, ഇന്ദ്രിയോപശമം സിദ്ധിച്ചവൻ, എന്ന അർത്ഥകൽപനയാവില്ലേ കൂടുതൽ ഭംഗി എന്നു തോന്നിപ്പോകുന്നു. അരോഗിയാകാനുള്ള മാർഗ്ഗങ്ങളിൽ ‘വിഷയേഷ്വസക്തഃ’ എന്നതുകൂടി ചേർക്കപ്പെട്ടിരിക്കുന്നുവല്ലോ.’

മനോഹരമായ ആശയമാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. എന്നാൽ അതു ഒരാശയമെന്ന നിലയിൽ ആസ്വാദ്യം തന്നെ എങ്കിലും വാസ്തവവുമായി അതിന് ബന്ധമുണ്ടോ? യഥാർഥത്തിൽ വാഗ്ഭടാചാര്യൻ അങ്ങനെ തന്നെയാകുമോ സങ്കൽപ്പിച്ചിട്ടുണ്ടാകുക? അതോ രോഗി സാമ്പത്തികമായി മെച്ചപ്പെട്ട സ്ഥിതിയുള്ളവൻ ആകണമെന്നുതന്നെയോ? സമ്പത്ത് ചികിത്സയിൽ നിർണ്ണായകമാണെന്ന് ബൗദ്ധനായ വാഗ്ഭടാചാര്യൻ സങ്കൽപ്പിച്ചിരിക്കുമോ? ഉണ്ടെങ്കിൽ എന്താകും അതിന്റെ ഉദ്ദേശം?

ഇക്കാര്യങ്ങളെക്കുറിച്ചുള്ള ചിന്ത പങ്കുവെയ്ക്കുകയാണ് മേമ്പൊടിയിൽ.

'ആഢ്യ'ശബ്ദത്തിന് ധനികൻ എന്നുതന്നെയാണ് അർത്ഥം. ധനികൻ എന്നാൽ പണമുള്ളവൻ. രോഗി പണമുള്ളവൻ ആകണം. ആയിരത്തഞ്ഞൂറുകൊല്ലം മുമ്പെഴുതിയ ഒരു ഗ്രന്ഥത്തിലെ നിരീക്ഷണമാണല്ലോ ഇത്. എന്റെ ഗുരുനാഥനായ വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഈ ശ്ലോകഭാഗത്തെ വിവരിക്കുമ്പോൾ ഈ പ്രശ്നം കൈകാര്യം ചെയ്യുന്നുണ്ട്. അദ്ദേഹം അതിന് സമാധാനം കാണുന്നത്, പുസ്തകത്തിൽ പറയുമ്പോലെ ചികിത്സിക്കണമെങ്കിൽ രോഗി പണക്കാരനായേ കഴിയൂ എന്നുപറഞ്ഞുകൊണ്ടാണ്. എന്നാൽ പുസ്തകത്തിൽ പറയുമ്പോലെ ചികിത്സിക്കണമോ എന്നത് വൈദ്യന്റെ തീരുമാനമാണെന്നും അക്കാര്യത്തിൽ ശാസ്ത്രത്തിന് പിടിവാശികളൊന്നുമില്ലെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു. ഗ്രന്ഥം ഉദാഹരണം മാത്രമാണെന്ന് ഉറപ്പിച്ചുപറഞ്ഞു അദ്ദേഹം. ചരകസംഹിത എന്ന പുസ്തകത്തിൽ – ഇതിന് വാഗ്ഭടഗ്രന്ഥങ്ങളേക്കാൾ ആയിരം കൊല്ലമെങ്കിലും പഴക്കം വരും – ഈ വിഷയത്തിൽ ചില പരാമർശങ്ങൾ കാണാം. ശോധനചികിത്സയ്ക്കായി നടത്തേണ്ടുന്ന മുന്നൊരുക്കങ്ങളാണ് സന്ദർഭം. എല്ലാം പറഞ്ഞശേഷം ആചാര്യൻ അവസാനിപ്പിക്കുന്നതിങ്ങനെ, 'ഇപ്പറഞ്ഞ വിധത്തിൽ രാജാക്കന്മാരോ അതിധനികരോ ഒക്കെ ശോധനചികിത്സ നടത്തട്ടെ. രോഗബാധിതരായ ദരിദ്രർ അവനവന് പറ്റുന്നപോലെയുള്ള ചികിത്സ നടത്തി രോഗമുക്തരാകുക. എല്ലാവരും ധനികരല്ല. ദരിദ്രർക്ക് രോഗം വരാതിരിക്കുന്നുമില്ല. ഓരോരുത്തർക്കും അവനവന്റെ സാമ്പത്തിക ശേഷിയനുസരിച്ച് യുക്തവും ശക്തവുമായതെന്തോ അതു ചെയ്ത് രോഗമുക്തരാകുക. വസ്ത്രത്തിന്റേയും ഭക്ഷണത്തിന്റേയും കാര്യത്തിൽ ഈ നിലപാടാണല്ലോ പിന്തുടരുന്നത്'. പകിട്ടും പണച്ചിലവും കൂടിയ പ്രമേഹ ചികിത്സാ സന്ദർഭത്തിൽ വാഗ്ഭടാചാര്യൻ തന്നെ ഇക്കാര്യം മറ്റൊരു തരത്തിൽ പറയുന്നതിങ്ങനെ, 'ധനികനല്ലാത്ത പ്രമേഹരോഗി വിലകൂടിയ രസായന പ്രയോഗങ്ങൾക്ക് മുതിരേണ്ടതില്ല. അയാൾ നിത്യം നൂറുയോജന നടക്കട്ടെ. അല്ലെങ്കിൽ കുളം കുഴിക്കുകയോ മേഞ്ഞുനടക്കുന്ന പശുക്കൾക്കൊപ്പം നടക്കുകയോ ചെയ്യട്ടെ'. മറ്റൊരിടത്ത് വാഗ്ഭടാചാര്യൻ ഈ ഉച്ചനീചത്വത്തിന്റെ കഥ മറ്റൊരുതരത്തിൽ രേഖപ്പെടുത്തുന്നു. 'കുടീപ്രാവേശികമായ രസായനവിധി ആളും സ്വാധീനതയുമുള്ളവർക്കുള്ളതാണ്. അതില്ലാത്തവർ വാതാതപികം ചെയ്യുക'.

ഇവിടെയെല്ലാം ഗ്രന്ഥോക്തമായ ചികിത്സ ചിട്ടയായി ചെയ്യണമെങ്കിൽ പണംകൂടാതെ കഴിയില്ല എന്ന ആശയം കാണാമല്ലോ. അതിനർത്ഥം, പക്ഷേ, അതൊരു നിർബന്ധമായിരുന്നു എന്നാണെന്ന് കൽപിച്ചുകൂടാ. ഗത്യന്തരങ്ങളെ ആലോചിക്കാനുള്ള ഇടം എല്ലായ്പ്പോഴും ഉണ്ടായിരുന്നു എന്നതിൽ സംശയിക്കാനില്ല.

ഇക്കാലത്തെ സ്ഥിതി ആലോചിച്ചാൽ പണമുള്ളവനാകണം രോഗി എന്നകാര്യത്തിൽ ആർക്കും സംശയമുണ്ടാകാനിടയില്ലല്ലോ. സ്വയം സമ്പന്നനല്ല എങ്കിൽ സർക്കാർ വക സൗജന്യ ചികിത്സയോ ധനസഹായമോ കൈപ്പറ്റാനാകുമോ എന്നുനോക്കാം. ഇൻഷുറൻസ് സൗകര്യമുള്ളവർക്ക് അതുപയോഗപ്പെടുത്താം. അല്ലെങ്കിൽ നാട്ടുകാർ പിരിവെടുക്കണം. എന്തായാലും ചികിത്സയിലെ പെരുംചിലവ് എന്ന യാഥാർത്ഥ്യം മാറുന്നില്ല. എന്നാൽ ഇതിനിടയിലും, ഇക്കാലത്തും, ചിലവുകുറഞ്ഞ ചികിത്സ എന്ന സങ്കൽപ്പം വച്ചുപുലർത്തുന്ന ചികിത്സകരില്ലേ. ഉണ്ട്. സംശയിക്കേണ്ട. വിഭവങ്ങളും സന്നാഹങ്ങളും പരമാവധി കുറച്ച്, അത്യാവശ്യത്തിനുമാത്രം ഔഷധങ്ങളുപയോഗിച്ച്, ആഹാരവിഹാരങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തി ചികിത്സിക്കുന്നവർ. അവർ രോഗി ആഢ്യനാകണമെന്ന ആശയത്തെ മറികടക്കുന്നു.

> ***ഒരാശയമെന്ന നിലയിൽ ആസ്വാദ്യം തന്നെ എങ്കിലും വാസ്തവവുമായി അതിന് ബന്ധമുണ്ടോ? യഥാർഥത്തിൽ വാഗ്ഭടാചാര്യൻ അങ്ങനെ തന്നെയാകുമോ സങ്കൽപ്പിച്ചിട്ടുണ്ടാകുക? അതോ രോഗി സാമ്പത്തികമായി മെച്ചപ്പെട്ട സ്ഥിതിയുള്ളവൻ ആകണമെന്നുതന്നെയോ? സമ്പത്ത് ചികിത്സയിൽ നിർണ്ണായകമാണെന്ന് ബൗദ്ധനായ വാഗ്ഭടാചാര്യൻ സങ്കൽപ്പിച്ചിരിക്കുമോ? ഉവ്വെങ്കിൽ എന്താകും അതിന്റെ ഉദ്ദേശം?***

എന്തുകൊണ്ട് വാഗ്ഭടൻ ഇങ്ങനെ ഇപ്രകാരം മറയില്ലാതെ പറഞ്ഞു? എല്ലാകാലത്തും സമൂഹത്തിൽ ഇത്തരം ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്നത് ഇങ്ങനെയൊക്കെത്തന്നെയാണ് എന്നു പറയാതെ പറയുകയാണോ അദ്ദേഹം! ആകണമെന്നില്ല. ഗ്രന്ഥം പലപ്പോഴും മാതൃകാപരമായ കാര്യങ്ങളുടെ ചിത്രണമാണ് നടത്തുന്നത്. അതിൽനിന്നും പ്രായോഗികതയെ മുൻ നിർത്തി യുക്തമായത് പ്രയോജനപ്പെടുത്തേണ്ടത് പ്രയോക്താവായ, യോജകനായ, വൈദ്യന്റെ കർത്തവ്യമാണ്. മാതൃകാപരമായി രോഗി ധനികനാകണം. അങ്ങനെയല്ലാ എങ്കിൽ അത് പാദസമ്പത്തിൽ വന്ന ഇടിവായി കണക്കാക്കി പ്രയോഗികമായി എന്തുചെയ്യാമോ അത് വൈദ്യൻ ചെയ്യണം. അത്രയേ ഇതുകൊണ്ടുദ്ദേശിക്കാവൂ. ഇതിനും ധാരാളം ഉദാഹരണങ്ങൾ ഗ്രന്ഥത്തിലുണ്ടല്ലോ. 'അനാഥാൻ രോഗിണോ യശ്ച പുത്രവത് സമുപാചരേത്' എന്നിടത്ത് ചികിത്സിക്കാൻ വേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങളൊന്നുമില്ലാത്ത രോഗികളെക്കുറിച്ച് വൈദ്യന്റെ നിലപാടെന്തായിരിക്കണം എന്നത് വ്യക്തമാക്കുന്നു. വൈദ്യൻ പാദഗുണസമ്പന്നനെങ്കിൽ

മറ്റുപാദങ്ങൾക്കുള്ള കുറവിനെത്തീർക്കാൻ അതുധാരാളം. അതുകൊണ്ടാണല്ലോ ചികിത്സയിൽ വൈദ്യൻ തന്നെ പ്രധാനം എന്ന് അർത്ഥശങ്കയില്ലാത്തവണ്ണം ആചാര്യൻ പ്രഖ്യാപിക്കുന്നതും. 'വരോ ഭൂതദയാ ധർമ്മ ഇത്യാർത്ഥേഷു ഭിഷഗ്വര: വർത്തതേ യസ്ത്തു സിദ്ധാർത്ഥ: സ സർവ്വമതിവർത്തതേ' എന്ന് രേഖപ്പെടുത്തുന്നതും ഈ നിലപാടിനെ ബലപ്പെടുത്താൻ തന്നെയല്ലേ.

രോഗിയുടെ ധനം ചികിത്സയ്ക്കുള്ള സൗകര്യങ്ങളൊരുക്കാൻ മാത്രമല്ല. വൈദ്യന്റെ ഉപജീവനവും അതുകൊണ്ടാണ്. ആ അർത്ഥത്തിലും ഇവിടെ ആഢ്യത്വം പ്രസക്തമാണ്. ഇതുപറയാൻ കാരണമുണ്ട്. വളരെ രസകരമായ ഒരു കാര്യം ഇയ്യിടെ വായിയ്ക്കാനിടവന്നു. 'അഗസ്ത്യ വൈദ്യചന്ദ്രിക' എന്നുപേരുള്ള ഒരു പുസ്തകമുണ്ട്. പേരുസൂചിപ്പിക്കുമ്പോലെ അഗസ്ത്യവൈദ്യമാണ് അതിലെ പ്രധാന പ്രതിപാദ്യം. 1947 -ൽ ഒന്നാം പതിപ്പായി പുറത്തുവന്നതായി കരുതുന്ന ഈ പുസ്തകത്തിന്റെ രചയിതാവും പ്രസാധകനും വടയാറ്റുകോട്ട കെ. പരമേശ്വരൻപിള്ള എന്നയാളാണ്. 1988-ൽ കൊടുങ്ങല്ലൂർ ദേവി ബുക്ക് സ്റ്റാൾ പുറത്തിറക്കിയ പതിപ്പാണ് ഞാൻ വായിച്ചത്. അതിൽ 'അഗസ്ത്യർ കുഴമ്പ്' എന്ന രണ്ടാം അദ്ധ്യായത്തിൽ രോഗിയുടെ കർത്തവ്യം എന്നൊരു ഭാഗമുണ്ട്. അതിങ്ങനെ: 'ആചാര്യൻ രോഗികളുടെ കർത്തവ്യത്തെ നിർദ്ദേശിക്കുകയും അയുക്തമനോഭാവമുള്ളവരെ നിർദ്ദയം പഴിക്കുകയും ചെയ്യുന്നു......ചില രോഗികൾക്ക് ആരംഭത്തിൽ വൈദ്യൻ ഗുരുവും അവസാനത്തിൽ അനുജനുമാണ്.

ആരംഭത്തിൽ തന്റെ സർവ്വസ്വവും വൈദ്യനു സംഭാവന ചെയ്യാമെന്നു വിശ്വസിപ്പിക്കുന്ന ഇക്കൂട്ടർ ഒടുവിൽ ദക്ഷിണ പോലും പിന്നീടാകാമെന്ന മട്ടിൽ ഒഴിഞ്ഞുകളയുകയാണ് പതിവ്. "ജീവകാരുണ്യത്തോടുകൂടി രോഗത്തെ മാത്രമല്ല രോഗകാരണത്തെയും ഉന്മൂലനം ചെയ്തുരക്ഷിച്ച വൈദ്യനെ നിരാശനാക്കി വിടുന്ന നിർദ്ധനന്മാരല്ലാത്ത രോഗികളെ യമപാശം വരിഞ്ഞുകെട്ടി നരകഗർത്തത്തിൽ കൊണ്ടുചെന്നിട്ട് നിർദ്ദയം മർദ്ദിക്കുമെന്ന് അഗസ്ത്യനായ ഞാൻ അഭിപ്രായപ്പെടുന്നു" എന്നാണ് വൈദ്യവിദ്യാ കുലഗുരുവായ ആ മഹർഷിപുംഗവൻ ധനികന്മാരായ രോഗികളെപ്പറ്റി തനിക്കുള്ള വിദ്വേഷത്തെ പ്രകടിപ്പിച്ചിരി ക്കുന്നത്'. ഈ അവസ്ഥയും രോഗിയുടെ ആഢ്യത്വത്തെ പ്പറ്റി ചർച്ച ചെയ്യുമ്പോൾ കാണാതിരുന്നുകൂടാ. രോഗി ധനികനായിരുന്നാലും വൈദ്യന്റെ ഉപജീവനം നടക്കാത്ത സാഹചര്യം വന്നുപെടാമെന്ന ഏറെ പരിതാപകരമായ ചിത്രം ഈ വരികൾക്കിടയിൽ തെളിയുന്നുണ്ടല്ലോ. ഉപജീവനം സാധ്യമാകില്ല എന്നതുകൊണ്ടുമാത്രം വൈദ്യവൃത്തി ഉപേക്ഷിച്ച എത്രയോ കുടുംബങ്ങളു ണ്ടാകും കേരളത്തിന്റെ വൈദ്യചരിത്രം പരിശോധിച്ചാൽ! കൊടുങ്ങല്ലൂർ കോവിലകം രാജകുടുംബാംഗവും വിഖ്യാത വിഷവൈദ്യനുമായിരുന്ന മഹാമഹിമശ്രീ

***വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഈ ശ്ലോകഭാഗത്തെ വിവരിക്കുമ്പോൾ ഈ പ്രശ്നം കൈകാര്യം ചെയ്യുന്നുണ്ട്. അദ്ദേഹം അതിന് സമാധാനം കാണുന്നത്, പുസ്തകത്തിൽ പറയുമ്പോലെ ചികിത്സിക്കണമെങ്കിൽ രോഗി പണക്കാരനായേ കഴിയൂ എന്നുപറഞ്ഞുകൊണ്ടാണ്. എന്നാൽ പുസ്തകത്തിൽ പറയുമ്പോലെ ചികിത്സിക്കണമോ എന്നത് വൈദ്യന്റെ തീരുമാനമാണെന്നും അക്കാര്യത്തിൽ ശാസ്ത്രത്തിന് പിടിവാശികളൊന്നുമില്ലെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു.***

കൊച്ചുണ്ണിത്തമ്പുരാൻ പോലും ഈ ദുരിതത്തിന്റെ ഇരയായി! അദ്ദേഹം രചിച്ച പ്രയോഗ സമുച്ചയം ഭാഷ എന്ന വിഷചികിത്സാ ഗ്രന്ഥത്തിന്റെ അവതാരികയിൽ ശ്രീ. പുത്തേഴത്ത് രാമമേനോൻ ഇക്കാര്യം ഓർക്കുന്നുണ്ട്. 'വലിയ സ്വതന്ത്രനും ധീരനും ഉദാരനും ആശ്രിത വൽസലനും ആയിരുന്നു ആ തിരുമേനി. വിഷചികിൽസയിൽ വലിയ ആവേശവുമുണ്ടായിരുന്നു.

തന്നിമിത്തം അദ്ദേഹത്തിന്റെ വസതി എപ്പോഴും ജനത്തിരക്ക് ഒഴിയാത്തതായിരുന്നു. രോഗികളെ കിടത്തിച്ചികിൽസിക്കാനും പരിശോധിച്ച് മരുന്നു കൊടുക്കാനും പ്രത്യേക സ്ഥലങ്ങളും ആളുകളും ദ്രവ്യവ്യയവും വേണ്ടിവന്നു. പരിമിതമായിരുന്ന അദ്ദേഹത്തിന്റെ കോവിലകം അലവൻസുകൊണ്ട് കാര്യങ്ങൾ കഴിച്ചുകൂട്ടുവാൻ നിർവ്വാഹമില്ലാതായി. പഴയ ശാസ്ത്രവും നടപ്പുമനുസരിച്ച് ഭാരതത്തിൽ ഏതുവൈദ്യനും രോഗിയോട് 'പീസു' വാങ്ങുന്നത് നിഷിദ്ധമായിരുന്നു. അതിലും വച്ച് വിഷവൈദ്യൻ, അങ്ങനെ യാതൊന്നും പറ്റിപ്പോകരുതെ ന്നുള്ള നിശിത ശാസനവുമുണ്ടായിരുന്നു. തേൻ, പാല്, നെയ്യ് മുതലായ സാധനങ്ങൾക്കും ഔഷധശേഖരത്തിനും മറ്റും തമ്പുരാൻ തിരുമനസ്സിലേയ്ക്ക് അന്യസഹായം കൂടാതെ സാധിക്കില്ലെന്നുള്ള ഘട്ടത്തിലെത്തി'.

പറഞ്ഞുപറഞ്ഞ് കുറച്ചുനീണ്ടുപോയി. എന്തായാലും രോഗിയുടെ ആഢ്യത്വം ഒരു ചർച്ചാവിഷയം തന്നെയാണ്. പ്രത്യേകിച്ചും വൈദ്യം ഒരു തൊഴിലായി നിലനിൽക്കുവോളം കാലം. എന്നാൽ ഇതൊന്നും അതിക്രമം കാട്ടാനുള്ള അനുമതിയല്ല താനും. 'ത്രിവർഗ്ഗശൂന്യം നാരംഭ: ഭജേത്തം ചാവിരോധയൻ' എന്ന വാഗ്ഭട വചനം തന്നെ അക്കാര്യത്തിൽ വഴികാട്ടി. ഈവിഷയത്തിൽ ഇത്രയും ആലോചിക്കാൻ വഴി തന്ന പ്രിയസുഹൃത്ത് നാരായണൻ നമ്പിയ്ക്ക് നമസ്ക്കാരം.

●